(ബി) സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃതം എന്നീ ഇനങ്ങളിലായി പൊതുവിദ്യാഭ്യാസത്തിന് 1070.92 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 770.53 കോടി രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് വകയിരുത്തിയിട്ടുള്ള തുകയിൽ 49.25 കോടി രൂപ പ്രസ്തുത വകപ്പിന്റേതല്ലാത്ത വിവിധ പദ്ധതികൾക്കാണ് അനുവദിച്ചിരിക്കുന്നത്.

(സി) പൊതുവിദ്യാഭ്യാസത്തിൽ 597.50 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിൽ 248.21 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിന് 785.63 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 284.53 കോടി രൂപ (സംസ്ഥാന പദ്ധതി-കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ) ഇനിയും ലഭിക്കാനുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് പ്രവൃത്തികൾ

74 (1110) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി ; എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ബി) 2006-2011 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ എസ്.എസ്.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം (III) ആയി ചേർക്കുന്നു.*

പാഠപുസ്തക അച്ചടിയും വിതരണവും

75 (1111) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) പാഠപുസ്തകം അച്ചടിക്കുന്നതിനും വിതരണം നടത്തുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പാഠപുസ്തക വിതരണം യഥാസമയം നടക്കാത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അടുത്ത അദ്ധ്യയനവർഷം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം നടത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നു മുതൽ പത്ത് വരെയുള്ള പാഠപുസ്തക അച്ചടി കെ.ബി.പി.എസ്.-നെയും വിതരണം പോസ്റ്റൽ വകുപ്പിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിനുള്ള ചുമതല സി-ആപ്റ്റിന് നൽകിയിട്ടുണ്ട്.

(ബി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് അച്ചടി പൂർത്തിയാക്കുന്നതാണ്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിക്കകം പൂർത്തീകരിക്കണമെന്ന് സി-ആപ്റ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൊക്കേഷണൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly